# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 115 05.03.2012ൽ മറുപടിയ്ക്ക്

**ഒരു പ്രത്യേക സമുദായത്തിലെ കുറച്ച് ആളുകളുടെ ഇ - മെയിൽ ചോർത്തിയ സംഭവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ഒരു പ്രത്യേക സമുദായത്തിലെ കുറച്ച് ആളുകളുടെ ഇ - മെയിൽ ചോർത്തി എന്നത് സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇത് സംബന്ധിച്ച് പത്ര - ദൃശ്യ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് സംബന്ധമായ എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ബി) ഒരു പ്രത്യേക സമുദായത്തിലെ ആളുകളെ ലക്ഷ്യംവെച്ച് യാതൊരു അന്വേഷണവും നടത്തിയിട്ടില്ല. എന്നാൽ ചില ഇ-മെയിൽ അഡ്രസുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഹൈടെക് എൻക്വയറി സെൽ വഴി നടത്തിയ അന്വേഷണ വിവരങ്ങൾ ചോർത്തി നൽകിയതുമായി ബന്ധപ്പെട്ട് ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ ജോലി നോക്കി വന്നിരുന്ന റിസർവ്വ് സബ് ഇൻസ്പെക്ടർ ശ്രീ എസ്. ബിജുവിനെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും ഔദ്യോഗിക രഹസ്യ നിയമത്തിലേയും പോലീസ് ഫോഴ്സ് (റസ്ട്രിക്ഷൻ ഓഫ് റൈറ്റ്സ്) നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് ഊർജ്ജിത അന്വേഷണത്തിനായി കേസ് കൈമാറിയിട്ടുണ്ട്. സി. ബി. സി. ഐ. ഡി. ക്രൈം നം. 247/CR/HHW-1/Tvpm/2012 പ്രകാരം ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| സി) ഇതിന്റെ പിന്നിൽ സാമുദായിക സൗഹാർദ്ദം തകർക്കുന്നതിന് എന്തെങ്കിലും പ്രവർത്തനം ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ | സി) ഇക്കാര്യം അന്വേഷിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ